# ശങ്കരഭാഷ്യം: കരുണാകരായനമഃ കല്യാണികാന്തായനമഃ മുരളീതാതായനമഃ


കെ. രാജേശ്വരി

ആദർശധീരൻ നയിക്കുന്ന ഇരുപ തംഗ സംഘത്തിൽ ഏറ്റവും അപ്രാപ്ത നാകുന്നു, പുതിയോട്ടിൽ ശങ്കരൻ എന്ന ആരോഗ്യമന്ത്രി. ചേർക്കുളം അബ്ദുള്ളയും നാലകത്തുസൂപ്പിയും സി.എഫ്. തോമസും കൊണ്ടുപിടിച്ചുശ്രമിക്കുന്നുണ്ടെങ്കിലും ശങ്കരനൊപ്പമെത്താൻ കഴിയുന്നില്ല.

സ്വാതന്ത്ര്യസമരഭടൻ കേളുനായരുടെ മകന് രാഷ്ട്രീയത്തിൽ കമ്പം കയറിയതു സ്വാഭാവികം. മട്ടന്നൂർ കോളേജിൽ പ്രീഡിഗ്രിക്കുനടക്കും കാലത്തു നീലക്കൊടിപിടിച്ചു. തൃശൂർ കേരളവർമയിൽ യൂണിയൻ ചെയർമാനായി. പിന്നെ സിൻഡിക്കേറ്റംഗം, യൂത്തുകോൺഗ്രസ് ജില്ലാപ്രസിഡണ്ട്, ഡി.സി.സി. സെക്രട്ടറി, പ്രസിഡണ്ട്. പി.പി. ജോർജ്ജിന്റെയൊക്കെ ഇനത്തിൽപ്പെട്ട കടുത്ത കരുണാകര ഭക്തനാണ് ശങ്കരൻ. 'ലീഡറേ കൺകണ്ട ദൈവം' എന്നതാണ് ജീവിത ദർശനം. ശങ്കരന്റെ ആത്മാർഥതയുടെ ആഴവും പരപ്പും കരുണാകരനറിയാം. ആശ്രിതവൽസലനും കരുണാമയനുമാണല്ലോ കാരണവർ. കോൺഗ്രസിന്റെ കുത്തക സീറ്റായ കൊയിലാണ്ടിയിൽ ശങ്കരൻ സ്ഥാനാർത്ഥിയായത് അതുകൊണ്ടാണ്. (1996) സിറ്റിംഗ് മെമ്പറും മന്ത്രിയുമായിരുന്ന എം.ടി. പത്മയെ മാറ്റിയിട്ടാണ് ശങ്കരനെ നിർത്തിയതെന്നും ഓർമ്മിക്കണം. അത്തവണ, പക്ഷേ കൊയിലാണ്ടിയിൽ ചെങ്കൊടി പാറി. 4851 വോട്ടിന്റെ വ്യത്യാസത്തിൽ ശങ്കരൻ തോറ്റു.

കൊയിലാണ്ടിക്കാർ കൈവെടിഞ്ഞാലും കരുണാകരൻ കൈവിടില്ല. മുരളീധരൻ തൃശ്ശിവപേരൂർക്കു തട്ടകം മാറ്റിയ ഒഴിവിൽ ശങ്കരനെ കോഴിക്കോട്ടുലോക്സഭാസ്ഥാനാർത്ഥിയാക്കി. എതിരാളി, സിറ്റിംഗ് എം.പി.യും കേന്ദ്രമന്ത്രിയുമായ വീരേന്ദ്രകുമാർ. ദാവീദും ഗോല്യാത്തും വീണ്ടും. 1998 ഫെബ്രുവരിയിലെ തെരഞ്ഞെടുപ്പ് വീരന്റെ ദുഃഖമായി, ശങ്കരൻ വടക്കോട്ടുവണ്ടികയറി.

13 മാസമേ നീണ്ടുള്ളൂ, പാർലമെന്റംഗത്വം. സ്ഥലജല വിഭ്രാന്തിമൂലം രാജ്യസഭയിൽ ചെന്നിരുന്നു എന്നൊരുദുഷ്പേരുമുണ്ടായി. 1999-ലെ തെരഞ്ഞെടുപ്പിൽ മുരളിക്കുവേണ്ടി മണ്ഡലം ഒഴിഞ്ഞുകൊടുത്തു ശങ്കരൻ കൂറുതെളിയിച്ചു. പാർലമെന്റിലെ ഇരിപ്പിടത്തേക്കാൾ വലുതല്ലോ ലീഡറുടെ ഹൃദയസിംഹാസനം.




2001-ൽ കൊയിലാണ്ടി തിരിച്ചുപിടിച്ച ശങ്കരനെ ലീഡർ മന്ത്രിയാക്കി. കാര്യപ്രാപ്തിയും പാർലമെന്ററി പരിചയവുമുള്ള എത്രയോപേരുണ്ട് ഐ-ഗ്രൂപ്പിൽ. നായന്മാരിൽത്തന്നെ തേറമ്പിലും സാവിത്രി ലക്ഷ്മണനുമുണ്ടല്ലോ. പക്ഷേ ആത്മാർത്ഥതയ്ക്കാണ് കരുണാകരൻ മുൻഗണന നൽകിയത്. കെ.വി. തോമസിനെപ്പോലെയല്ല ശങ്കരൻ, പാലം കടന്നശേഷവും നാരായണജപം തുടർന്നു. വേഷമെനിക്കെന്തെന്നു വിധിപ്പതുവിഭോ ഭവച്ചിത്തം, വിശ്വപ്രിയമായ് നടനം ചെയ്വതുവിധേയനെൻ കൃത്യം. രാജ്യസഭയിലേക്കു വിമതനെ തുണയ്ക്കണോ, നിയമസഭയിൽ പ്രത്യേകബ്ലോക്കായിരിക്കണോ, മുഖ്യനെ മുക്കാലിയിൽ കെട്ടി അടിക്കണോ-എന്തിനും തയ്യാർ. തലപോയാലും ബലേഭേഷ് !

ഡോക്ടർമാരായി മുനീറും കുട്ടപ്പനുമുണ്ടെങ്കിലും ആരോഗ്യവകുപ്പ് ശങ്കരൻ വക്കീലിനാണ് ആന്റണി നൽകിയത്. നാലകത്തുസൂപ്പിക്കു വിദ്യാഭ്യാസമന്ത്രിയാകാമെങ്കിൽ ശങ്കരന് ആരോഗ്യമന്ത്രിയുമാകാം. എക്സൈസും വനവും കഴിഞ്ഞാൽ അഴിമതിക്ക് ഏറ്റവും സ്കോപ്പുള്ള വകുപ്പാണ് ആരോഗ്യം. തൂണിലും തുരുമ്പിലും അഴിമതിയാണ്. കവിതയിലാക്കിയാൽ, ആദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം ! ഈജിയൻ തൊഴുത്തുവൃത്തിയാക്കാൻ

തുനിഞ്ഞവർ രണ്ടുപേർമാത്രം-ജെ. ചിത്തരഞ്ജൻ, വി.എം. സുധീരൻ. രണ്ടാൾക്കും അധിക കാലം തുടരാനായില്ലതാനും.

ഭരണം എന്ന പരിപാടിയെപ്പറ്റി യാതൊരു പിടിപാടുമില്ല ആരോഗ്യമന്ത്രിക്ക്. സർക്കാർ ആസ്പത്രികൾ കാലിത്തൊഴുത്തിനേക്കാൾ ദയനീയമായിത്തുടരുന്നു. കൈക്കൂലിജന്മാവകാശമെന്നു കരുതുന്ന ഡോക്ടർമാരുടേയും ഇതര ജീവനക്കാരുടെയും ആക്രാന്തം മാത്രം വർദ്ധിച്ചുവരുന്നു. സ്ഥലംമാറ്റത്തിനു യാതൊരു മാനദണ്ഡവും പാലിക്കപ്പെടുന്നില്ല. ഹെൽത്ത് ഡയറക്ടറുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും ഓഫീസുകൾ അനന്തപുരിയിലെ ഏറ്റവും കുത്തഴിഞ്ഞ സ്ഥാപനങ്ങളായി, മൊത്തം സർക്കാർ വകുപ്പുകൾക്കും മാതൃകയായി പരിലസിക്കുന്നു.

റീജ്യണൽ ക്യാൻസർ സെന്റർ രോഗികളെ ഗിനിപ്പന്നികളാക്കുന്നു എന്ന ആരോപണമുയർന്നപ്പോഴോ എറണാകുളത്ത് ഒരു എഞ്ചിനീയർ എയ്ഡ്സിനു വ്യാജമരുന്നുണ്ടാക്കുന്നതായി ആക്ഷേപമുണ്ടായപ്പോഴോ മന്ത്രിക്കു കുലുക്കമുണ്ടായില്ല. വൃക്ക വാണിഭവിവാദം മൂർച്ഛിക്കവേ, ആരോപണവിധേയനായ ആസ്പത്രിയുടമയുടെ കാറിൽ കൊടിപറപ്പിച്ചു യാത്ര ചെയ്യാനും മന്ത്രിപുംഗവനു മടിയേതുമുണ്ടായില്ല.

കൊക്കകോളയുടെ കാര്യത്തിൽ കൂടുതൽ സുരക്ഷിതനാണ് ശങ്കരൻ. പ്ലാച്ചിമടയിൽ കോളഫാക്ടറിക്ക് ലൈസൻസുകൊടുത്തത് സഖാക്കളാണ്. ഇപ്പോൾ സമരം നടത്തുന്നതും അവർതന്നെ. ഇറാക്കിൽ അമേരിക്ക നടത്തുന്ന അക്രമത്തിന്റെ പേരിൽ ഇവിടെ പെപ്സി-കൊക്കകോളകൾ ബഹിഷ്ക്കരിക്കേണ്ട എന്ന് പാണക്കാട്ടുനിന്ന് ഫത്വ ഇറങ്ങിയിട്ടുമുണ്ട്. കൊക്കകോളയുടെ പിന്നിൽ വ്യവസായ മന്ത്രി കുഞ്ഞാലിക്കുട്ടിയും തദ്ദേശസ്വയംഭരണമന്ത്രി ചേർക്കുളം അബ്ദുള്ളയും ഉറച്ചുനിൽക്കുന്നു. ലീഗിനെ പിണക്കാൻവയ്യ എന്നതിനാൽ മുഖ്യമന്ത്രി മൗനംദീക്ഷിക്കുന്നു. കിണറുകൾ വറ്റുന്നതിൽ ജലസേചനമന്ത്രിക്കോ മണ്ണ് വിഷമയമാകുന്നതിൽ കൃഷിമന്ത്രിക്കോ വേവലാതിയേതുമില്ല. ഇവർക്കാർക്കുമില്ലാത്ത സാമ്രാജ്യത്വവിരുദ്ധവികാരം ശങ്കരനുണ്ടാകുമോ ?

ഇനി, കോളകളിലെ വിഷാംശത്തിന്റെ കാര്യം. കുറുപ്പന്തറയിൽ ഉണ്ടാകുന്ന പച്ചക്കറികളിലുള്ളത്ര കീടനാശിനി കോളയിൽ കാണില്ല. അത്രകഠിനമാണ് നമ്മുടെ കർഷകരുടെ കലാപരിപാടി. പെട്ടിയിലടച്ചുവരുന്ന മുന്തിരി, കടകളിൽ വില്പനക്കുവച്ചിരിക്കുന്ന മാമ്പഴം-ഒക്കെവിഷമയമാണ്. പിന്നെ, ദിവസേന മലയാള മനോരമ വായിക്കുന്നവർക്കുണ്ടോ കോളയിൽനിന്നു വിഷബാധയേൽക്കുന്നു ?

ശീതളപാനീയങ്ങളിലെ വിഷാംശത്തെക്കുറിച്ച് ശങ്കരനുള്ള അഭിപ്രായം തന്നെയാണ് സുഷമാസ്വരാജിനും. അന്വേഷിച്ചു, കണ്ടെത്തിയില്ല. തുടർന്നുള്ള അന്വേഷണം സംയുക്തപാർലമെന്ററി കമ്മിറ്റിയെ ഏല്പിച്ചതും അതിന്റെ അദ്ധ്യക്ഷനായി ശരത്പവാറിനെ നിശ്ചയിച്ചതും ഉചിതമായി. മുംബൈ ബിസിനസ്സ് ലോബിയുമായും ബഹുരാഷ്ട്രക്കുത്തകകളുമായും പവാറിനുള്ളത്ര അടുപ്പം പ്രമോദ്മഹാജനുപോലുമില്ല. കുഞ്ഞാലിക്കുട്ടിയുടെ പാർട്ടിയിൽനിന്ന് ജനാബ് ഇ. അഹമ്മദുമുണ്ട് കമ്മിറ്റിയിൽ. റിപ്പോർട്ട് ഏതുവിധമാകും എന്ന് ആർക്കെങ്കിലുമുണ്ടോ സംശയം ? പണത്തിനുമീതെ പരുന്തുപറക്കില്ല. പിന്നല്ലേ പാർലമെന്ററികമ്മിറ്റി ?

നാടൊട്ടുക്കു ഡെങ്കിപ്പനി പടരുമ്പോഴും മന്ത്രി ശങ്കരൻ സ്വസ്ഥനായി കരുണാകര നാമസങ്കീർത്തന നിരതനായി കഴിയുകയാണ്. നീറോയെപ്പോലെ വീണ വായിക്കാത്തത് സംഗീതം അറിയാത്തതുകൊണ്ടുമാത്രം. കേരളത്തിലെ മൂന്നര കോടി ജനങ്ങളും പുച്ഛിച്ചാലും അദ്ദേഹത്തിനു പുല്ലാണ്. കാരണം, ജനപിന്തുണയല്ല ലീഡറുടെ ഔദാര്യമാണ് മന്ത്രിപദലബ്ധിക്കുനിദാനം. ഓം ഹിരണ്യായനമഃ കരുണാകരായനമഃ കല്യാണികാന്തായനമഃ മുരളീതാതായനമഃ

